

# വാർത്തകളും കുറിപ്പുകളും

### 1. ആരാധനകൾ

ദൈവകൃപയാൽ നമ്മുടെ ആരാധനകളെല്ലാം പഴയസമയക്രമത്തിലേക്ക് മാറിയിരിക്കുന്നു. സഭാജനങ്ങൾ ആശങ്കകളില്ലാതെ ആരാധനകളിൽ സംബന്ധിക്കുന്നതിനായി ദൈവത്തെ സ്തുതിക്കുന്നു. മാർച്ച് 2-ാം തീയതി വൈകിട്ട് ചാമ്പൽ ബുധൻ ആരാധന അനുഗ്രഹീതമായി നടന്നു. തുടർന്നുള്ള എല്ലാ ബുധനാഴ്ചകളിലും വൈകിട്ട് നോമ്പ് കാല ധ്യാന യോഗങ്ങൾ നടന്ന് വരുന്നു. മാർച്ച് 6-ന് സ്ത്രീജനഞായർ ആചരിച്ചു. വിശദവിവരങ്ങൾ സ്ത്രീജനസഖ്യം സെക്രട്ടറിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരാധനയുടെ വിവിധ ചുമതലകൾ വഹിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

### 2. മാസവരി, കുടിശ്ശിക പിരിവ്

ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് മാസവരി, ആദ്യഫലലേലം, ടൈഡിംഗ്സ് പരസ്യം തുടങ്ങിയ കുടിശ്ശിക നൽകാൻ സഭാജനങ്ങൾ വളരെ ഉത്സാഹം കാട്ടിയതിനായി ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ പള്ളിയിലെ പോർച്ചിലും ചർച്ച് ഓഫീസിലുമായി മാർച്ച് 31 വരെ പ്രത്യേക കൗണ്ടർ ക്രമീകരിച്ചത് വളരെ പ്രയോജനപ്പെട്ടു. ഇതിന്റെ ചുമതലകൾ വളരെ കൃത്യതയോടെ നിർവഹിച്ച എല്ലാ ചർച്ച് കമ്മിറ്റി അംഗങ്ങളോടും ഇക്കാര്യത്തിൽവളരെ ഉത്സാഹിച്ച എല്ലാ സഭാജനങ്ങളോടും ദൈവനാമത്തിൽ നന്ദി രേഖപ്പെടുത്തുന്നു. ബെദ്സേഥാ പ്രോജക്ട് ഫണ്ടിലേക്ക് ഉദാരമായി ദാനംചെയ്ത എല്ലാവരോടും സഭയുടെ പേരിൽ നന്ദി അർപ്പിക്കട്ടെ.

### 3. വിശുദ്ധവാര ധ്യാനയോഗങ്ങൾ

കഷ്ടാനുഭവ ആഴ്ചയിലെ പ്രത്യേക വിശുദ്ധവാര ധ്യാനയോഗങ്ങൾ ഏപ്രിൽ 11 (തിങ്കൾ) 12 (ചൊവ്വ), 13(ബുധൻ) എന്നീ ദിവസങ്ങളിൽ വൈകിട്ട് 6 മണി മുതൽ നമ്മുടെ ദേവാലയത്തിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ 18-ാം പേജിൽ കൊടുത്തിട്ടുണ്ട്. ക്രിസ്തീയ എഴുത്തുകാരനും, പ്രസംഗകനുമായ ശ്രീ. കെ. എൽ. ജോർജ്ജ്കുട്ടി, താഴത്തുമൺ

ആണ് ധ്യാനയോഗങ്ങൾ നയിക്കുന്നത്. ധ്യാനയോഗങ്ങളുടെ ക്രമീകരണങ്ങൾക്കായി ശ്രീ. കോശി ജോർജ്ജ്, തോമസ് ബിജു മാത്യു, ജോളി മത്തായി എന്നിവരെ കൺവീനർമാരായി ചർച്ച് കമ്മിറ്റി നിയോഗിച്ചു. ധ്യാനയോഗങ്ങളിലെ ഗാനശുശ്രൂഷയ്ക്ക് വേണ്ടി പ്രത്യേക ഗായകസംഘം രൂപീകരിച്ചു, ഏപ്രിൽ ആദ്യവാരം മുതൽ പ്രാക്ടീസ് ആരംഭിക്കുകയാണ്. ഈ ധ്യാനയോഗങ്ങൽ അനുഗ്രഹീതമായി നടക്കുവാൻ ഏവരുടെയും സാന്നിദ്ധ്യവും, പ്രാർത്ഥനയും, സഹകരണവും അഭ്യർത്ഥിക്കുന്നു. കോവിഡ് കാലഘട്ടത്തിന് മുമ്പ് നടത്തിയതുപോലെ തന്നെ പെസഹ, ദുഃഖവെള്ളി, ഈസ്റ്റർ ആരാധനകൾ ക്രമീകരിക്കുകയാണ്. ദുഃഖവെള്ളിയാഴ്ച, മലയാള ആരാധനയ്ക്ക്ശേഷം സെന്റിനറി ഹാളിൽ കഞ്ഞി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ക്രമീകരണങ്ങൾ ക്കായി അഡ്വ. പി. ജെ. കോശി, ശ്രീ. ജേക്കബ് തോമസ്, ശ്രീ. ജേക്കബ് കെ. വർഗ്ഗീസ് എന്നിവരെ കൺവീനർമാരായി ചർച്ച് കമ്മിറ്റി നിയോഗിച്ചു.

ഏപ്രിൽ 16 ശനിയാഴ്ച വൈകുന്നേരം, പതിവ്പോലെ 'Passion Recital' ഗാനശുശ്രൂഷയും നടത്തുന്നുണ്ട്. സഭയുടെ എല്ലാ സംഘടനകളെയും പ്രതിനിധീകരിച്ച് ഈ ഗാനശുശ്രൂഷയിൽ പങ്കെടുക്കുന്നതിന് വേണ്ട ഒരുക്കങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥി ക്കുന്നു. ഈ വർഷത്തെ വിശുദ്ധവാര യോഗങ്ങളിലും ആരാധന കളിലും ഏവരും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് ചർച്ച് കമ്മിറ്റിയുടെ പേരിൽ അഭ്യർത്ഥിക്കുന്നു.

**4. വെക്കേഷൻ ബൈബിൾ സ്കൂൾ** (ഓൺലൈൻ)

ഈ വർഷത്തെ വി. ബി. എസ്. നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു എന്ന് അറിയിക്കട്ടെ. ഏപ്രിൽ 4 (തിങ്കൾ) മുതൽ ഏപ്രിൽ 9 (ശനി) വരെ വൈകിട്ട് 6.30 മുതൽ 8 വരെ ആയിരിക്കും ക്ലാസുകൾ. വി. ബി. എസിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കും അദ്ധ്യാപകർ ആകുവാൻ താല്പര്യപ്പെടുന്നവർക്കും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് വ്യത്യസ്ത Google forms വാട്സ് ആപ്പ് ഗ്രൂപ്പ് വഴി അയച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുവാൻ മാതാപിതാക്കൾ കുട്ടികളെ പ്രോത്സാഹിപ്പിക്കണം എന്ന് താല്പര്യപ്പെടുന്നു.

പ്രാർത്ഥനയോടെ,

**തോമസ് ബിജു മാത്യു**

ചർച്ച് സെക്രട്ടറി